# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *678 — 04.04.2018 -ലെ മറുപടിയ്ക്ക്

## രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ

*ചോദ്യം*

ശ്രീ. ശ്രീ. റ്റി. വി. രാജേഷ്
,, ആന്റണി ജോൺ
ശ്രീമതി. വീണാ ജോർജ്ജ്
ശ്രീ. യു. ആർ. പ്രദീപ്

*ഉത്തരം*

പ്രൊഫ. സി രവീന്ദ്രനാഥ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ രംഗത്ത് അടിസ്ഥാന സൗകര്യവും അക്കാദമിക മികവും വർദ്ധിപ്പിക്കാനായി രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്നും അതിനായി ലഭിക്കുന്ന സാമ്പത്തിക സഹായവും വിശദമാക്കാമോ; | (എ) | റൂസ പദ്ധതി പ്രകാരം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>**1.** യൂണിവേഴ്സിറ്റികൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സാമ്പത്തിക സഹായം – നിലവിൽ **6** യൂണിവേഴ്സിറ്റികൾക്ക് **20** കോടി രൂപ വീതം ലഭിക്കുന്ന പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ സ്ഥാപനങ്ങൾക്ക് അനുവദിക്കപ്പെട്ട തുകയുടെ ഒന്നാംഘട്ടം അതാത് സർവ്വകലാശാലകൾക്ക് നല്കി കഴിഞ്ഞു.<br>2. കോളേജുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സാമ്പത്തിക സഹായം – നിലവിൽ **2** കോടി രൂപ വീതം **20** സർക്കാർ കോളേജുകൾക്ക് ലഭിക്കുന്ന പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അനുവദിക്കപ്പെട്ട തുക അതാത് കോളേജുകൾക്ക് നല്കി കഴിഞ്ഞു.<br>**3.** കേരള സർവ്വകലാശാലയിലെ യു. ജി. സി.- അക്കാദമിക് സ്റ്റാഫ് കോളേജിന് അധ്യാപക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിക്കായി 1 കോടി രൂപ ലഭിക്കുന്ന പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയിൽ അനുവദിക്കപ്പെട്ട തുകയുടെ ഒന്നാംഘട്ടം പ്രസ്തുത യു. ജി. സി.- അക്കാദമിക് |

സ്റ്റാഫ് കോളേജിന് നല്കി കഴിഞ്ഞു.

4. സർവ്വകലാശാലകൾ / കോളേജുകൾ സംഘടിപ്പിക്കുന്ന അന്തർദേശീയ /ദേശീയ സെമിനാറുകൾ, ശില്പശാലകൾ എന്നിവക്ക് സാമ്പത്തിക സഹായം നൽകി വരുന്നു.

5. മാതൃകാ കോളേജ് പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ മൂന്നാർ സർക്കാർ കോളേജിന്, 4 കോടി രൂപ ലഭിക്കുന്ന പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചു. അനുവദിക്കപ്പെട്ട തുക നല്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

6. 33 ഗവ. ആർട്സ് & സയൻസ് കോളേജുകളിൽ സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ സ്ഥാപിക്കുവാനുള്ള പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

7. സംസ്ഥാനത്തെ മുഴുവൻ സർക്കാർ കോളേജുകളെയും ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് പദ്ധതി - നിലവിൽ 13 ഗവ. കോളേജുകളിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

8. സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 40 ഗവ. കോളേജുകളിൽ ഇ- ജേർണലും ലാപ്ടോപ്പും നല്കി അക്കാദമിക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി.

9. സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 40 ഗവ. കോളേജുകളിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുവാൻ സാധിക്കുന്ന വിധത്തിൽ തയ്യാറാക്കിയ പ്രത്യേക ലാപ്ടോപ്പും, സോഫ്റ്റ് വെയറും നല്കുന്ന പദ്ധതി.

10. 'ശാസ്ത്രയാൻ പദ്ധതി 2018' - സർവ്വകലാശാലകളിലെയും കോളേജുകളിലെയും ഗവേഷണനേട്ടങ്ങൾ പൊതുസമൂഹത്തിന് പ്രയോജനപ്പെടുത്തുന്നതിനുള്ള നൂതന പദ്ധതി.

| | | | |
|---|---|---|---|
| (ബി) | റൂസ ഫണ്ട് ഉപയോഗിച്ച് സർക്കാർ കോളേജുകളിൽ കെട്ടിട സൗകര്യം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | റൂസ പദ്ധതി അനുസരിച്ച് സർവ്വകലാശാലകൾക്കും കോളേജുകൾക്കും കെട്ടിടനിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം, നവീകരണം, പർച്ചേസ് എന്നിവക്ക് യഥാക്രമം **35:35:30** എന്ന അനുപാതത്തിൽ ഫണ്ട് നൽകി വരുന്നു. നാളിതുവരെ **4** സർവ്വകലാശാലകൾക്ക് **15.**46 കോടി രൂപയും **2** സർവ്വകലാശാലകൾക്ക് 10 കോടി രൂപയും നൽകിയിട്ടുണ്ട്. **15** സർക്കാർ കോളേജുകൾക്ക് **1.525** കോടി രൂപ വീതവും 5 സർക്കാർ കോളേജുകൾക്ക് ഒരു കോടി രൂപ വീതവും നൽകിയിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റിയുടെ UGC-HRDC ക്ക് **50** ലക്ഷം രൂപ ധനസഹായവും നൽകിയിട്ടുണ്ട്. |
| (സി) | മുൻ കാലങ്ങളിൽ നിന്ന് വ്യത്യസ്തമായി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ; | (സി) | പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് സർവ്വകലാശാലകളിലും കോളേജുകളിലും റൂസ കോ-ഓഡിനേറ്റർ ആയി ഒരു അദ്ധ്യാപകനെ നിയമിച്ചിട്ടുണ്ട്. കൂടാതെ റൂസ പ്രോജക്ട് ഡയറക്ടേറ്റിൽ നിന്നും ഭൗതിക പരിശോധന കൃത്യമായ ഇടവേളകളിൽ നടത്തി വരുന്നു. പൂർത്തീകരിക്കുന്ന പദ്ധതികളുടെ "ജിയോ ടാഗിംഗ്" നടത്തി **MHRD** യിൽ യഥാസമയം റിപ്പോർട്ട് ചെയ്യുന്നുണ്ട്. |
| (ഡി) | സർവ്വകലാശാലകളുടെ പ്രവർത്തന മികവിന് റൂസ ഫണ്ട് ലഭ്യമാണോ; | (ഡി) | നാക് അക്രഡിറ്റേഷൻ ഉള്ള സർവ്വകലാശാലകൾക്ക് റൂസ ഫണ്ട് ലഭിക്കുന്നതിന് അർഹതയുണ്ട്. നിലവിൽ 6 സർവ്വകലാശാലകൾക്ക് **20** കോടി രൂപ വീതം നൽകുന്ന പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. **15.46** കോടി രൂപ വീതം **4** യൂണിവേഴ്സിറ്റികൾക്കും, **10** കോടി രൂപ വീതം **2** യൂണിവേഴ്സിറ്റികൾക്കും ഇതിനകം നകിയിട്ടുണ്ട്. കൂടാതെ കേരള യൂണിവേഴ്സിറ്റിയുടെ UGC-HRDC ക്ക് **50** ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. |
| (ഇ) | വിവിധ സർവകലാശാലകളുടെ പ്രവർത്തന മികവിന് സർക്കാർ നടത്തിവരുന്ന | (ഇ) | കോളേജുകളെയും സർവ്വകലാശാലകളെയും മികച്ച വിദ്യാഭ്യാസ ആശയങ്ങളോടും സമ്പ്രദായങ്ങളോടും കൂടിയുള്ളതാകണമെന്ന ലക്ഷ്യം പ്രാവർത്തിക മാക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ വിശദമാക്കാമോ? | | കിഫ്ബി ധന സഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി സർക്കാർ ആവിഷ്കരിച്ച് വരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്.<br>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240 .9 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകി കഴിഞ്ഞു. മറ്റ് സർവ്വകലാശാലകളുടെ പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കേരള, എം.ജി., കാലിക്കറ്റ് , കണ്ണൂർ, കുസാറ്റ് , മലയാളം സർവ്വകലാശാലകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഇ ഗവേണൻസ് പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിദ്യാർത്ഥി പ്രവേശനം , പരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയ്ക്ക് ഒരു ഏകീകൃത രൂപം നിർദ്ദിഷ്ട ഇ ഗവേണൻസ് പദ്ധതി നടപ്പിലാക്കുമ്പോൾ കൈവരിക്കാനാകുമെന്ന് കരുതുന്നു. 2018 ലെ വിദ്യാർത്ഥി പ്രവേശനം മുതൽ ഇത് ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ.